ളുടെ സേവനം ഉപയോഗപ്പെടുത്തണം എന്ന് പറഞ്ഞുകൊണ്ട് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഈ കാര്യം സവിനയം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഫിസിയോതെറാപ്പി നല്ല ഒരു ചികിൽസാ സമ്പ്രദായമാണ്. മരുന്നുകൊണ്ട് ക്യൂവർ ചെയ്യാൻ സാധിക്കാത്ത ചില ദൗർബല്യങ്ങൾ പരിഹരിക്കാൻ വളരെ പ്രയോഗികമായിട്ടുള്ളതാണ് ഇത്. അതിനുവേണ്ടി മെഡിക്കൽ കോളേജിലും മറ്റു ഹോസ്പിറ്റലുകളിലും ഫിസിയോതെറാപ്പിസ്റ്റുകളുടെ നിയമനം നടത്തിയിട്ടുണ്ട്. ഇവരെ സംബന്ധിച്ചിടത്തോളം അവരുടെ ന്യായമായ അവകാശങ്ങൾ പരിശോധിക്കാൻ വേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരുടെ മെമ്മോറാണ്ടം ഉണ്ടായിരുന്നു. എല്ലാ പത്രങ്ങളും എഴുതിയതുകൊണ്ട് പരിഗണിക്കണമെന്നില്ലായെന്നുള്ള സമീപനമല്ല. ഈ പ്രശ്നം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവർ തന്ന മെമ്മോറാണ്ടം തന്നിട്ടുണ്ട്. അത് പരിശോധിക്കുകയാണ്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) ആരാധനാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽ നിന്നും ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് നിരക്ക്

ശ്രീ. പി. കെ. കെ. ബാവ: സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ബോർഡ് കമ്മേഴ്സ്യൽ പർപ്പസിന് ഏർപ്പെടുത്തിയിട്ടുള്ള താരിഫ് അനുസരിച്ചാണ് നമ്മുടെ ആരാധനാലയങ്ങൾക്കും വിദ്യാലയങ്ങൾക്കും വൈദ്യുതി ചാർജ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് നമ്മുടെ സംസ്ഥാനത്തെ ഭക്തജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വലിയ ബാദ്ധ്യതയും ഭാരവുമായി മാറിയിരിക്കുകയാണ്. പള്ളികൾ, ക്ഷേത്രങ്ങൾ, ചർച്ചുകൾ, ഓർഫനേജുകൾ, വിദ്യാലയങ്ങൾ അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആശുപത്രികൾ ഇവയിൽ ബഹുഭൂരിപക്ഷവും നമ്മുടെ സാധാരണക്കാരായ ആളുകളിൽ നിന്ന് സംഭാവന പിരിച്ചാണ് നടത്തിവരുന്നത്. എന്നുള്ള വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. ഇത് പരിഗണിച്ചുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട സർക്കാരും മന്ത്രിയും നമ്മുടെ രാജ്യത്ത് സെക്കുലറിസം സ്വായത്തമാക്കത്തക്ക രീതിയിൽ വിശ്വാസികളോടും നമ്മുടെ ആരാധനാലയങ്ങളോടുമൊക്കെ സ്വീകരിച്ചിട്ടുള്ള വളരെ ഉദാരമായിട്ടുള്ള സമീപനം ഞാൻ ഈ സമയത്ത് സ്മരിക്കുകയാണ്. അതുകൊണ്ട് വീട്ടാവശ്യത്തിന് ഇപ്പോൾ വാങ്ങിച്ചുവരുന്ന ചാർജ് മാത്രമേ നമ്മുടെ ആരാധനാലയങ്ങളിൽ നിന്നും വിദ്യാലയങ്ങളിൽനിന്നും ആശുപത്രികളിൽനിന്നും ഈടാക്കാവുയെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വളരെ താഴ്ന്ന വരുമാനമുള്ളവർക്ക്, ദാരിദ്ര്യ രേഖക്ക് താഴെ കഴിയുന്നവരായാലുംശരി വീട്ടാവശ്യത്തിനുമാത്രം വൈദ്യുതി സൗജന്യമായി നൽകണമെന്നുകൂടി ഈ സമയത്ത് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെൻറിനോടും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യങ്ങൾ ഇതിനുമുമ്പുതന്നെ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. ഇതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിയുന്നതും വേഗം, ഏറെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തിരിക്കുന്ന പരിപാടികൾ പൂർത്തിയാക്കിയാൽ അദ്ദേഹം ഇവിടെ ഉന്നയിച്ച കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

(10) പീച്ചി ടൂറിസ്റ്റ് വികസന കേന്ദ്രം

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഒല്ലൂർ നിയോജകമണ്ഡലത്തിൽപ്പെട്ടതും കേരളത്തിന്റെ സാംസ്കാരിക കേന്ദ്രവുമായ തൃശ്ശൂർ ജില്ലയുടെ സൗന്ദര്യറാണിയായ പീച്ചി ഡാം ഒരു ടൂറിസ്റ്റുകേന്ദ്രമാണ്. എന്നാൽ ഇത്രയും അവഗണിക്കപ്പെട്ട, അധഃപതിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രം വേറെയില്ല. പീച്ചി ഡാമിന് തൊട്ടുസ്ഥിതിചെയ്യുന്ന രണ്ടു പ്രധാന ഗവേഷണ കേന്ദ്രങ്ങളുണ്ട്. ഒന്ന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും മറ്റൊന്ന് ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമാണ്. പ്രാധാന്യമർഹിക്കുന്ന ഈ രണ്ടു സ്ഥാപനങ്ങളിലേക്കും പീച്ചിയിലേക്കും ധാരാളം ആളുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സംസ്ഥാനത്തിന് പുറത്തുനിന്നും വിദേശത്തുനിന്നും വന്നു ചേരുന്നുണ്ട്. ഇവർക്ക് അവിടെ വന്നാൽ ഇരിക്കാൻപോലും സൗകര്യമില്ല. മുൻപ് ഇതിന് ടൂറിസ്റ്റ് കോംപ്ലക്സ് പണിയുന്നതിന് നടപടിയുണ്ടായിരുന്നു. അത് ഇതുവരെ നടപ്പാക്കിയിട്ടില്ല. പീച്ചിയിലെ മനോഹരമായ ആ പ്രദേശങ്ങളിൽ ഇപ്പോൾ പുതിയതായിട്ട് തൃശ്ശൂരിലുള്ള മൃഗശാല മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചുവരികയാണ്. അപ്പോൾ ഒരു ഓപ്പണയർ മൃഗശാലയും അതോടൊപ്പം തന്നെ വരാൻ പോകുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഇത്രയും മനോഹരമാകേണ്ട പ്രദേശം, മറ്റു പ്രദേശങ്ങളേക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കേണ്ട ഈ പ്രദേശത്ത് ഇതുവരെ യാതൊരുവികസനവും വളർച്ചയുമില്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ മുൻകൈ എടുത്തുകൊണ്ട് അവിടെ അടിയന്തിരമായ ടൂറിസ്റ്റ് വികസന പരിപാടികൾ നടപ്പാക്കി ടൂറിസ്റ്റ് കോംപ്ലക്സുംപ്പെടെ ഒരു നല്ല ടൂറിസ്റ്റുവികസന കേന്ദ്രമാക്കി മാറ്റിത്തരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പീച്ചി വളരെ പ്രകൃതി മനോഹരമായ ഒരു പ്രദേശമാണ്. പീച്ചി മാത്രമല്ല നമ്മുടെ സംസ്ഥാനം തന്നെ വളരെ വളരെ പ്രകൃതി മനോഹരമാണ്. ടൂറിസ്റ്റുകളെ ഏറ്റവും കൂടുതൽ ആകർഷിക്കാൻ കഴിവുള്ള മനോഹരമായ ഈ സംസ്ഥാനത്തിൽ ആ രംഗത്തൊക്കെ വളരെക്കൂടുതൽ കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഇന്ന് ടൂറിസ്റ്റ് റസൻറായി പ്രഖ്യാപിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിൽ പീച്ചി ഉൾപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. പലപ്പോഴും അത് ആവശ്യപ്പെട്ടിട്ടുള്ളത് ശരിയാണ്. എങ്കിലും വരുന്ന സഞ്ചാരികൾക്ക് താമസിക്കാൻ ചില സൗകര്യങ്ങൾ ഇപ്പോൾ തന്നെയുണ്ട്. പീച്ചി റസ്റ്റ് ഹൗസുണ്ട്. എന്തായാലും പീച്ചിയുടെ പ്രകൃതി മനോഹാരിത ഉപയോഗപ്പെടുത്തുന്ന കാര്യത്തിൽ, എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെൻറ് പരിശോധിക്കാം. അവിടത്തെ മൃഗശാല മാറ്റി പരസ്യമായ മൃഗശാലയാക്കി മാറ്റുന്നയവസരത്തിൽ മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly